**File No.LSGD-FM2/219/2020-LSGD**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുമരകം ഗ്രാമ പഞ്ചായത്ത് ഓഫീസ് ഉത്ഘാടനത്തോടനുബന്ധിച്ച് ആകെ ചെലവായ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2360/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി,**21/12/2020**

---

പരാമർശം:- കുമരകം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 22/10/2020 **ലെ അപേക്ഷ**

**<u>ഉത്തരവ്</u>**

കുമരകം ഗ്രാമ പഞ്ചായത്ത് ഓഫീസ് ഉത്ഘാടനം 07/07/2020 നു ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി നിർവഹിക്കുമെന്ന് തീരുമാനിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ എല്ലാ സൗകര്യങ്ങളും 47820 രൂപ ചിലവിൽ ഒരുക്കിയിരുന്നെങ്കിലും തിരുവനന്തപുരത്തെ ട്രിപ്പിൾ ലോക്കഡോൺ മൂലം ബഹു. മന്ത്രിക്കു എത്തിച്ചേരാൻ കഴിഞ്ഞില്ല. തുടർന്ന് 09/10/2020നു ബഹു മന്ത്രി തന്നെ ഉത്ഘാടനം നിർവഹിക്കുകയുണ്ടായി. ആയതിലേക്കായി 14250 രൂപ ചിലവായിട്ടുണ്ട്.മേൽ സാഹചര്യത്തിൽ ഉത്ഘാടന ചടങ്ങുകൾ ക്കായി ആകെ ചെലവായ തുകയായ 62070 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നാണ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുമരകം ഗ്രാമ പഞ്ചായത്ത് ഓഫീസ് ഉത്ഘാടനത്തോടനുബന്ധിച്ച് ആകെ ചെലവായ തുകയായ 62070 / -രൂപ (അറുപത്തി രണ്ടായിരത്തി എഴുപത് രൂപ) ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം, )

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രസിഡന്റ്, കുമരകം ഗ്രാമ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2020.12.21 15:11:43 IST
Reason: Approved